ഗുണനിലവാരമുള്ള പാൽ വിതരണം ചെയ്യുവാൻ നടപടി

1377(1394) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിൽമയിൽ നിന്നും എത്ര തരത്തിലുള്ള പാലാണ് വിതരണം ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ ; ഓരോ ഇനം പാലിനും തമ്മിലുള്ള വ്യത്യാസം എന്തെന്ന് വ്യക്തമാക്കുമോ ;

(ബി) നീലക്കവറിൽ വിതരണം ചെയ്തിരുന്ന പാലിനുള്ള ഗുണനിലവാരം മറ്റ് കവറുകളിൽ വിതരണം ചെയ്യുന്ന പാലിന് ഇല്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ക്വാളിറ്റി പരിശോധിക്കാൻ എന്തൊക്കെ സംവിധാനങ്ങളാണ് മിൽമയ്ക്കുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) നീലക്കവറിൽ വിതരണം ചെയ്തിരുന്ന പാൽ തുടർന്നും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുമോ ?

ഉത്തരം

(എ) മിൽമ ഇപ്പോൾ വിതരണം ചെയ്യുന്ന വിവിധയിനം പാലിനങ്ങളും അവയുടെ ഗുണനിലവാരം സംബന്ധിച്ചുമുള്ള വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഡബിൾ ഗോൾഡ് മിൽക്ക്	–	1.5% ഫാറ്റ് &	9.0% എസ്.എൻ.എഫ്.
ടോൺഡ് മിൽക്ക്	–	3.0% ഫാറ്റ് &	8.0% എസ്.എൻ.എഫ്.
ഹോമോജിനീസ്ഡ് ടോൺഡ് മിൽക്ക്	–	3.0% ഫാറ്റ് &	8.5% എസ്.എൻ.എഫ്.
ഹോമോജിനീസ്ഡ് ജേഴ്സി മിൽക്ക്	–	3.2% ഫാറ്റ് &	8.5% എസ്.എൻ.എഫ്.
ജേഴ്സി മിൽക്ക് (നോൺ ഹോമോജിനീസ്ഡ്)	–	3.5% ഫാറ്റ് &	8.5% എസ്.എൻ.എഫ്.
റിച്ച് പ്ലസ് മിൽക്ക്	–	3.8% ഫാറ്റ് &	9.0% എസ്.എൻ.എഫ്.
സ്റ്റാൻഡേർഡൈസ്ഡ് മിൽക്ക്	–	4.5% ഫാറ്റ് &	8.5% എസ്.എൻ.എഫ്.

(ബി) ഉണ്ട്. നീല കവറിൽ വിതരണം നടത്തുന്ന പാൽ ടോൺഡ് മിൽക്ക് ആണ്. ടോൺഡ് മിൽക്കിന്റെ ഗുണനിലവാരം 3% ഫാറ്റും 8.5% എസ്.എൻ.എഫും ആണ്. ഇതിന്റെ ഗുണനിലവാരം മിൽമ വിതരണം നടത്തുന്ന വിവിധയിനം പാലിൽ നിന്നും വ്യത്യസ്തമാണ്. ഡബിൾ ഗോൾഡ് മിൽക്ക് നീല കവറിനേക്കാൾ (ടോൺഡ് മിൽക്ക്) ഗുണനിലവാരം കുറഞ്ഞ പാലും സ്റ്റാൻഡേർഡൈസ്ഡ് മിൽക്ക് ഗുണനിലവാരം കൂടിയ പാലും ആണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഗുണനിലവാര നിയന്ത്രണത്തിന് മിൽമയ്ക്ക് കാര്യക്ഷമമായ സംവിധാനങ്ങൾ നിലവിലുണ്ട്. പ്രാഥമിക സഹകരണസംഘങ്ങളിൽ പാൽ ലഭിക്കുന്നതു മുതൽ പാൽ വിതരണത്തിനു തയ്യാറാക്കുന്നതു വരെയുള്ള വിവിധ ഘട്ടങ്ങളിൽ കർശന ഗുണനിലവാര നിയന്ത്രണം മിൽമ ഉറപ്പാക്കുന്നുണ്ട്. പ്രാഥമിക സഹകരണസംഘങ്ങളിൽ കർഷകരിൽ നിന്നും പാൽ സംഭരിക്കുമ്പോൾ പ്രാഥമിക ഗുണനിലവാര പരിശോധനയ്ക്കുള്ള സംവിധാനങ്ങൾ സംഘങ്ങളിൽ തന്നെ ഏർപ്പെടുത്തിയിട്ടുണ്ട്. മിൽമയുടെ ഡയറികളിലും ശീതീകരണ ശാലകളിലും അവിടെ ലഭിക്കുന്ന പാലിന്റെയും, സംസ്കരിച്ച് വിതരണത്തിന് തയ്യാറാക്കുന്നതിനുള്ള പാലിന്റെയും ഗുണനിലവാര നിയന്ത്രണത്തിനുള്ള പരിശോധനയ്ക്ക് ആവശ്യമായ യോഗ്യതയുള്ള ഉദ്യോഗസ്ഥരും ഉണ്ട്. ഇതിനു പുറമെ, പാലിന്റെയും പാലുല്പന്നങ്ങളുടെയും സാമ്പിൾ സർക്കാർ അനലറ്റിക്കൽ ലബോറട്ടറികളിലും പ്രമുഖ ലബോറട്ടറികളിലും അയച്ച് പരിശോധന നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്. ആയതിനാൽ മിൽമാ പാൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നത് കർശന ഗുണനിലവാര പരിശോധനയ്ക്ക് ശേഷം മാത്രമാണ്.

(ഡി) മിൽമ പാലിന്റെ ആവശ്യകതയ്ക്ക് അനുസരിച്ച് ആഭ്യന്തര സംഭരണം വർദ്ധിപ്പിക്കാത്ത സാഹചര്യത്തിൽ അയൽ സംസ്ഥാനങ്ങളിൽ നിന്നും പാലും പാൽപ്പൊടിയും കൊണ്ടുവന്നാണ് മിൽമ പാൽ വിതരണം ഉറപ്പാക്കുന്നത്. ഇപ്പോൾ ശരാശരി പ്രതിദിന സംഭരണം 5.75 ലക്ഷം ലിറ്ററും പ്രതിദിന വിൽപന 11.81 ലക്ഷം ലിറ്ററുമാണ്. അതായത് സംഭരണവും വിതരണവും തമ്മിലുള്ള വ്യത്യാസം ഏകദേശം പ്രതിദിനം 6.00 ലക്ഷം ലിറ്ററോളം ആണ്. വേനൽക്കാലം തുടങ്ങിയതോടു കൂടി കർണ്ണാടക, തമിഴ്നാട്, എന്നീ സംസ്ഥാനങ്ങളിൽ നിന്നും ലഭ്യമായിരുന്ന പാലിന്റെ അളവ് കുത്തനെ കുറഞ്ഞിട്ടുണ്ട്. ഈ കാരണത്താൽ സംസ്ഥാനത്ത് ആകെ ലഭ്യമായിട്ടുള്ള കൊഴുപ്പിന്റെ അളവ് കുറവ് വന്നിട്ടുള്ളതിനാൽ കൊഴുപ്പ് കൂടുതൽ ഉള്ള നീല കവർ പാൽ വിതരണം ചെയ്യുക അസാധ്യമാണ്. കൂടുതൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിന് വേണ്ടി ഇപ്പോഴത്തെ സാഹചര്യത്തിൽ മഞ്ഞക്കവർ പാൽ വിപണിയിൽ കൂടുതലായി വിതരണം ചെയ്യുന്നുണ്ട്. എന്നാൽ പാലിന്റെ ആഭ്യന്തര സംഭരണവും അയൽ സംസ്ഥാനങ്ങളിൽ നിന്നുള്ള പാലിന്റെ ലഭ്യതയും വർദ്ധിക്കുന്ന മുറയ്ക്ക് നീല കവർ പാലിന്റെ വിതരണം കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

കുട്ടനാട് പാക്കേജുമായി ബന്ധപ്പെട്ട് നടപ്പാക്കുന്ന പ്രവൃത്തികളിൽ സൊസൈറ്റികളെക്കൂടി ഉൾപ്പെടുത്തുന്നതിനുള്ള നടപടി

138(1395) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട് പാക്കേജുമായി ബന്ധപ്പെട്ട് മൃഗസംരക്ഷണവകുപ്പ് നടപ്പാക്കുന്ന പ്രവൃത്തികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly